RESOLUTION *RE*: ALLOTMENT FOR MINOR IRRIGATION WORKS.

PRESIDENT: The next resolution to be discussed is as follows:

"That this Council recommends to the Government that, until all the minor irrigation works useful for paddy cultivation in the country are executed satisfactorily, a sum of not less than three lakhs of rupees out of the revenues of the State should annually be earmarked for the purpose."

MR. T. KUMARA PILLAI: Sir, I beg to move the following resolution:

"That this Council recommeds to the Government that, until all the minor irrigation works useful for paddy cultivation in the country are executed satisfactorily, a sum of not less than three lakhs of rupees out of the revenues of the State shou'd annually be earmarked for the purpose."

ഈ പ്രമേയത്തെപ്പറ്റി എനിക്കു വളരെ കുറച്ചു മാത്രമേ പറയാനുള്ളൂ. ഫാമൻ മുതൽ ആറുവർഷങ്ങൾകൊണ്ട് ഈ രാജ്യത്തുള്ള മൈനർ ഇറിഗേഷൻ വേലകൾ ചെയ്തു തീർക്കണമെന്നു മിസ്റ്റർ. ടി. കെ. വേലുപ്പിള്ള കഴിഞ്ഞ നിയമസഭയിൽ ഹാജരാക്കീട്ടുണ്ടായിരുന്ന പ്രമേയത്തിൽ എനിക്കു പറയേണ്ടതായ മിക്കവാറും സംഗതികൾ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. ആ അവസരത്തിൽ ഈ രാജ്യത്തു മൈനർ ഇറിഗേഷൻ വേലകളുടെ അത്യാവശ്യത്തെ കൌൺസിലിൽ നിന്നും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മൈനർ ഇറിഗേഷൻ വേലകൾ നടത്തുന്ന സംഗതിയിൽ ഉണ്ടായിരുന്ന പലേ പ്രതിബന്ധങ്ങളും അതിൽ പിന്നീട് ഗവർൺമെൻറിൽ നിന്നും നീക്കീട്ടുള്ളതായി അറിയുന്നു. എന്റെ പ്രമേയത്തിൽ ഒരു ഭാഗം മാത്രമേ ഇവിടെ പ്രസ്താവിക്കേണ്ടതായി ഉള്ളൂ. അതായത് ഈ രാജ്യത്തുള്ള മൈനർ ഇറിഗേഷൻ വേലകൾ മുഴുവനും ചെയ്തീർക്കുന്നതു വരെ ആണ്ടുതോറും മൂന്നുലക്ഷം രൂപാവീതം പൊതുമുതലിൽ നിന്നും ചിലവാക്കണമെന്നുള്ളതാണ്.

ഈ രാജ്യത്തുള്ള ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയാണ്. ഇവിടെയുള്ള ജനങ്ങൾക്കു മതിയാകത്തക്കവണ്ണം വേണ്ടതായ നെല്ലു മുഴുവൻ ഇവിടെത്തന്നെ വിളയിച്ചു ഉണ്ടാക്കണമെന്നുള്ള തത്വം ആരും പൂർണ്ണമായി സമ്മതിക്കുന്നതാണ്. രണ്ടുകോടിയോളം രൂപാവരവുള്ള ഈ രാജ്യത്തിൽ അതിലെ ജനങ്ങളുടെ രക്ഷയ്ക്കു എത്രയോ അത്യാവശ്യമായ മൈനർ ഇറിഗേഷൻ വേലകൾക്കു മൂന്നുലക്ഷംരൂപാ ചിലവാക്കണമെന്നു പറയുന്നത് ഒട്ടുംതന്നെ കൂടുതലാണെന്നു പറയാൻ തരമില്ലാത്തതാണ്. ഇതുംതുക ഒരിനത്തിലേക്ക് ഒന്നായി ചിലവാക്കുന്നതിനു തൽക്കാലം ഗവർൺമെൻറിന്റെ കോശസ്ഥിതി അനുവദിക്കുന്നതാണോ എന്നുള്ള സം

LIBRARY ARCHIVES Kerala Legislative Assembly

[Rev. Fr. Kuriakose Vettikkapalli.]

ഗതിയപ്പോറി ഈ പ്രമേയം അയയ്ക്കുന്നകാലത്തു ഞാനംസംശയിക്കാതെ ഇരുന്നില്ല. ഉപ്പിന്റെ നികുതി വർദ്ധിപ്പിച്ചതോടു കൂടി ഒരു ഗണ്യമായ തുക ഇപ്പോൾ വരവിൽ വർദ്ധിച്ചു കിട്ടുന്നു. ഈക്കാലത്താണ് ഞാൻ ഈ പ്രമേയം അയച്ചിരുന്നത് എങ്കിൽ മൈനർ-ഇറിഗേഷൻ വേലകൾക്കു കൂടുതൽ തുക ചോദിക്കുമായിരുന്നു. ജനങ്ങൾ ഒരുവഴിയിൽ, ബുദ്ധിമുട്ടുകളും സങ്കടങ്ങളും അനുഭവിച്ചു, ഗവർൺമെൻറിനു കൊടുക്കുന്ന പണത്തെ മറെറാരുവഴിയിൽ അവരുടെ ഗുണത്തിനും രക്ഷയ്ക്കും വേണ്ടി ചിലവാക്കുന്ന സംഗതിയിൽ മടിക്കേണ്ട ആവശ്യം ഇല്ലാത്തതാണ്. ഉപ്പിൽ നിന്നും ഇപ്പോൾ കിട്ടുമെന്നുള്ളതായ കൂടുതൽ വരവിനെ ഒരിക്കലും സ്ഥിരമായ വരവിൽ ഗണിച്ചു സ്ഥിരമായ ചിലവുകൾക്കു വിനിയോഗിക്കാൻ പാടില്ലാത്തതാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഉപ്പുനികുതിയിലുള്ള ഈ വർദ്ധന എപ്പോൾ കുറയ്ക്കുമെന്നറിയാൻ തരമില്ല. അവിടെ ഉപ്പിന്റെ വിലകുറയ്ക്കുമ്പോൾ ആ നിമിഷം നാമും ഇവിടെ കുറയ്ക്കേണ്ടതായി വരുന്നതാണ്. അതിനാൽ ആ ഇനത്തിലുള്ള വരവിനെ അതുപോലെ കാലം ജനങ്ങൾക്ക് ഏറെറവും പ്രധാനമായുള്ള മൈനർ ഇറിഗേഷൻ, ഗതാഗതമാർഗ്ഗങ്ങൾ, ആദിയായ വേലകൾക്കു വിനിയോഗിക്കുന്നത് ഉചിതമായിരിക്കും. കൃഷിക്കു ജലമില്ലാതെ ഓരോ സ്ഥലങ്ങളിലും ജനങ്ങൾ അനുഭവിച്ചു വരുന്ന കഷ്ടതകൾ കണ്ടു തന്നെ അറിയേണ്ടതാണ്. ഈയിടെ തിരുവനന്തപുരം ടൌണിന് ഏറെറവും സമീപമുള്ള പട്ടം വഴി എനിക്കു സഞ്ചരിക്കാനിടയായി. കൃഷിക്കു വെള്ളമില്ലാതെ അവിടത്തെ നിലങ്ങളുടെ സ്ഥിതി എത്രയോ സങ്കടകരമായിട്ടാണു കാണാൻ ഇടയായത്. ഈ രാജ്യത്തു പലേ സ്ഥലങ്ങളിലുമുള്ള അനേകായിരം ജനങ്ങൾ കൃഷിക്കു വെള്ളമില്ലാതെ അപരിമിതമായ സങ്കടങ്ങൾ അനുഭവിച്ചു വരുന്നു. കൌൺസിലിൽ അനേകപ്രമേയങ്ങൾ ഹാജരാക്കുന്നതിനും പ്രതിപാദിക്കുന്നതിനും ഉള്ളതു കൊണ്ട് ഇതിലേക്കായി കൂടുതൽ സമയം ചിലവാക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. ഈ രാജ്യത്തുള്ള മൈനർ ഇറിഗേഷൻ വേലകളെ തൃപ്തികരമായി ചെയ്തീർക്കുന്നതുവരെ ആണ്ടുതോറും മൂന്നുലക്ഷം രൂപാ വീതം ചിലവാക്കണമെന്നുള്ള പ്രമേയത്തെ നിയമസഭാംഗങ്ങളുടെ അനുകൂലാഭിപ്രായത്തിനായി ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

MR. G PARAMESVARAN PILLAI: I second the resolution.

REV. FR. KURIAKOSE VETTIKKAPALLI: Sir, I have very great pleasure in supporting this resolution; but, in doing so, I beg

LIBRARY ARCHIVES Kerala Legislative Assembly

to submit that there seems to be an impression that south Travancore alone is high and dry and that only there does cultivation require irrigation.

MR. T. KUMARA PILLAI: The three lakhs of rupees are intended for the whole of Travancore.

REV. FR. KURIAKOSE VETTIKKAPALLI: There seems to be an impression like that; so much so that, even when the poor agriculturists in north Travancore come forward and undertake to do some work of minor irrigation at their own cost, the required sanction is not granted.

PRESIDENT: Will you kindly repeat what you said? I was not following you.

REV. FR. KURIAKOSE VETTIKKAPALLI: When the poor agriculturists of north Travancore come forward and offer to do some minor irrigation work at their own cost, even then the required sanction is not forthcoming. Two or three years ago, some people from Ezhattumukham in the Kunnatnad taluk approached the Government for sanction to make a small canal about a mile and a half long through a reserved forest and stated that they would thereby be able to cultivate about 400 acres of land which now remain uncultivated. They have been repeatedly praying to the Government, and in their endeavours to get the necessary permission have now spent a sum almost equal to the cost of the proposed canal. Still they have not received the required sanction. I beg to say that there are several parts in north Travancore which have to be helped by irrigation. The large tanks that are found in different parts of the country and are now silted up tell their own tale. These were made evidently in days gone by to help the cultivators. This very year, for want of water from such sources, the *punja* cultivation in the districts I have the honor to represent suffered heavily. If these tanks had been maintained and kept in order, such a catastrophe could have been prevented. I am confident that the people themselves who suffer so much from want of water will gladly come forward and help the Government to see the works carried out as cheaply as possible. I need not here mention all the benefits of a large tank with good water in a village. Besides supplying water for irrigational purposes and for the cattle to drink, the labouring classes especially will have a place to have a good wash after a good day's work, and this is a great thing for purposes of health. So, I support the resolution with the request that a portion of the three lakhs may be utilised for north Travancore also.

MR. J. JOHN NIDIRY: I also support the resolution wholesale and also the addition made by the Rev. Father.

PRESIDENT: That is no addition. It is only a remark.

MR. J. JOHN NIDIRY: I also think that a larger proportion should be spent for north Travancore.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitommian.]

MR. G. PARAMESVARAN PILLAI: I wish to know whether Mr. Nidiry knows what proportion of the amount allotted for minor irrigation is spent for south Travancore.

MR. J. JOHN NIDIRY: The major portion is being spent for south Travancore.

MR. TARIATU KUNJITOMMAN. മൈനർ ഇറിഗേഷൻ വേലകൾക്കു ഗവർൺമെൻറു ധനവ്യയംചെയ്യേണ്ടതു് ആവശ്യമാണു്. അതിനാൽ ഈ പ്രമേയത്തിൻെറ തത്വത്തോടു ഞാൻ യോജിക്കുന്നു. എന്നാൽ ഈ വകയ്ക്കു പ്രതിവത്സരം ചിലവുചെയ്യുന്നതെല്ലാം തന്നെ തെക്കൻ തിരുവിതാംകൂറിലാണു്. വടക്കൻ തിരുവിതാംകൂറിൽ കൃഷിവിഷയമായി മാത്രമല്ല. മറു വിഷയങ്ങളിലും ഗവർൺമെൻറിൻെറ സഹായം വേണ്ടുംവണ്ണം ലഭിച്ചു വരുന്നില്ല. യാത്രാവിഷയമായി അധിക അസൌകര്യങ്ങളും ഉള്ള ഉത്തരതിരുവിതാംകൂറിലേക്കു റെയിൽവെ നീട്ടുക; മെയിൻറോഡു മെറ്റലിട്ടുറപ്പിച്ചു ബസ്സു പോകുന്നതുവരെയാക്കുക; ഉൾനാടുകളിൽ വിദ്യാഭ്യാസത്തിനു വേണ്ട സൌകര്യങ്ങളും ഉണ്ടാക്കുക മുതലായവയ്ക്കെല്ലാം ഗവർൺമെൻറു് ഉടനെ അധിക ധനവ്യയം ചെയ്യേണ്ടതാണു്. കോടിക്കണക്കിനു് ഇറിഗേഷൻ വേലയ്ക്കു പണം വ്യയം ചെയ്തിട്ടുള്ള തെക്കൻ തിരുവിതാംകൂറിൽ ഇനിയും അവയ്ക്കായി വലിയ സംഖ്യകൾ മാറിവയ്ക്കുക എന്നു വന്നാൽ ഉത്തരതിരുവിതാംകൂറിലെ ജനങ്ങളുടെ ജീവിതസൌകര്യത്തിനു് അത്യാവശ്യകങ്ങളായ മേൽപ്രസ്താവിച്ച കാര്യങ്ങളും സാധിക്കുന്നതിനു ഗവർൺമെൻറിൻെറ കോശസ്ഥിതി പര്യാപ്തമല്ലെന്നുവരാം. തെക്കൻ തിരുവിതാംകൂർകാക്കു കൂടുതൽ സൌകര്യങ്ങളും നൽകുന്നതിൽ എനിക്കു തീരെ വിരോധമില്ല. എന്നാൽ വടക്കൻ തിരുവിതാംകൂറിലെ ജനങ്ങളും അനുഭവിക്കുന്ന വലുതായ അസൌകര്യങ്ങളെ പരിഹരിക്കുന്നതിനാണു് ഒന്നാമതു പ്രവർത്തിക്കേണ്ടതു്. അവയ്ക്കു തന്നെ ചിലവു ചെയ്യുവാൻ ഗവർൺമെറിനു് പണത്തിനു ബുദ്ധിമുട്ടുണ്ടെന്നുള്ളതു് എറക്കുറെ സമ്മതിക്കേണ്ട കാര്യമാണു്. രാജ്യത്തെ പൊതുമരാമത്തുപ്പിനെ ഒരു ഭാഗത്തെ ജനങ്ങളുടെ സൌകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി അധികമായി ചിലവു ചെയ്തു കൊണ്ടു പോകുന്നപക്ഷം മറു ഭാഗങ്ങൾ ഇപ്പോഴത്തെപ്പോലെ എന്നും അസൌകര്യസ്ഥിതിയിൽ കിടക്കുവാനേ മാർഗ്ഗമുള്ളൂ. ആയതിനാൽ, ആരംഭിക്കപ്പെട്ടിട്ടുള്ള മൈനർ ഇറിഗേഷൻ വേലകൾ പൂർത്തിയാകുന്നതുവരെ പ്രതിവത്സരം മൂന്നു ലക്ഷം രൂപാ ഇവയ്ക്കായി മാറിവയ്ക്കണമെന്നുള്ള എൻെറ

LIBRARY ARCHIVES Kerala Legislative Assembly

മാന്യസ്നേഹിതൻ മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുവാൻ എനിക്കു നിവൃത്തിയില്ലെന്നും പ്രമേയത്തെ ഞാൻ പ്രതിക്ഷേധിക്കുന്നുവെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

MR. A. HOOGEWERF: I strongly support Mr. Kumara Pillai's resolution. I am extremely sorry that the discussion has run into a side-channel. I am sure Mr. Kumara Pillai did not want to misappropriate all the three lakhs to his own division. He wants the three lakhs to be equitably distributed all over Travancore.

MR. G. PARAMESVARAN PILLAI: *Hear, hear.*

MR. A. HOOGEWERF: We are all agriculturists and our economic development and salvation depend upon our agriculture All these irrigation channels are necessary. Cattle and water are absolutely necessary for agriculture. We are an agricultural people, and therefore it is agriculture that has to be developed and nothing else. For these reasons, I strongly support the resolution.

MR. PAUL V. DANIEL: Sir, the improvement of minor irrigation is one of the subjects now within the purview of tho Economic Development Board. The worthy President of this Board has been inviting through the columns of the Government Gazette suggestions from the public on the matter I am sure he must have by this time understood the real wants and found out methods for improvement. The recommendations of the Board are, we are told, engaging the careful attention of the Government. In his address at the nineteenth session of the Sri Mulam Popular Assembly, the Dewan has, in paragraph 14, pointed out in sufficient detail the measures taken and proposed to be taken for the restoration, maintenance and repair of minor irrigation works. The House will also remember the very convincing speech made by the learned Chief Engineer on the last occasion when a similar resolution came up for consideration.

The responsibility of the people in the matter of minor irrigation works is also great. The landowners have to awaken themselves and be prepared to do their duty. I think the works could be effectively done only after the establishment of Irrigation Boards. The difficulty the Government may have is to prepare the necessary estimates and execute the required works within the time-limit prescribed. I think it would be enough if an assurance is secured from the Government that the question would be examined and sufficient funds allotted for minor irrigation works in the budget estimates for the year 1099. Mr. T. Kumara Pillai, I am sure, will be quite amenable to any suggestion our Chief Engineer may bring forward in this connection.

MR. K. V. NATESA AIYAR: Sir, the Government appreciate the motive that has prompted the member in bringing forward this resolution. Mr Kumara Pillai asks the Council to recommend to the Government that, until all the minor irrigation works useful for paddy cultivation are satisfactorily executed, a sum of not less than three lakhs of rupees should be earmarked annually for the purpose.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. V. Natesa Aiyar.]

It has to be admitted that the expenditure on minor irrigation works has not been adequate in the past. The average for the past seven years has been only Rs. 38,800 *per annum*.

MR. G. PARAMESVARAN PILLAI: In this connection, I wish to ask what proportion of this Rs. 38,800 has been spent in south Travancore.

MR. K. V. NATESA AIYAR: The information is not ready. About one-half is spent in Shencottah.

MR. K. P. RAMAN PILLAI: Are we to understand that all the money is spent in Shencottah and south Travancore?

MR. K. V. NATESA AIYAR: No, there are some other places also.

The reasons for this have been touched upon in my speech in connection with the resolution moved by Mr. T. K. Velu Pillai in Vrischikam last.

MR. A. HOOGEWERF: I wish to know whether all these works have been carried out by the P. W. D. agency or with the help of the ryots.

MR. K. V. NATESA AIYAR: When ryots come forward, they are allowed to do the work.

MR. A. HOOGEWERF: I mean to say it would cost much less if the ryots are allowed to do the work.

MR. K. V. NATESA AIYAR: Ryots demand more than contractors. Ryots do not come forward always.

MR. TARIATU KUNJITOMMAN: മുവാറ്റുപുഴയ്ക്ക് എത്രരൂപാ കഴിഞ്ഞകൊല്ലത്തിൽ ചിലവാക്കി?

MR. K. V. NATESA AIYAR: Nothing was spent for Muvattupuzha last year.

I then discussed also about the processes that have to be gone through in the matter of investigation, the preparation of estimates and the execution of the improvements.

To prepare the ground and make it possible for minor irrigation works being carried out with expedition, the Government have been taking steps to liberalise the rules under the Irrigation Regulation. On the last occasion, when the matter was under discussion in the Council, I read out the draft of a G. O. relating to the contributions to be paid by the landowners. Mr. Kumara Pillai's suggestions thereon made at the time were taken into consideration and final orders were issued by Government in December last to the effect that the landowners in the (old) Eraniel taluk need not pay any contribution, according to custom, as in the adjoining taluks of Tovala, Agastisvaram and Kalkulam, and

LIBRARY ARCHIVES Kerala Legislative Assembly

that the half contribution payable elsewhere should be recovered in ten equal instalments without interest, commencing from the year after the completion of the works.

Since then, two tanks in the Eraniel taluk, *viz.*, Udiyannurkulam (Rs. 2,850) and Tamarakulam (Rs. 2,600) have been taken up for improvement in the current year, and two tanks in the Vilavankod taluk, Karupukulam (Rs. 2,730) and Nellukulam (Rs. 4,000) have been arranged to be taken up, on the landowners under these tanks undertaking to pay half the cost in ten instalments as required by the rules. Most of the channels, streams and tanks in the southern taluks, both within and outside the Kodayar commanded area, were badly damaged by the cyclone which occurred in Vrischikam last. These damages are being repaired and the channels and tanks are being restored and strengthened, at a cost of nearly a lakh of rupees. Four tanks in the Neyyattinkara taluk have been taken up, *viz.*, Vandiyurchira (Rs. 5,000) and Karupattichira (Rs. 2,000), Pulliyurkulam (Rs. 2,590) and Ayrailkulam Rs. (6,460). The Maruturtodu in the Neyyattinkara taluk was shattered very badly during the cyclone of Vrischikam. The breaches which occurred are being closed and the channel is being improved at a cost of about Rs. 10,000. The breaches on the left bank of the Kallada river at Cheekaikadavu and Muzhiyil have been arranged to be closed at a cost of about Rs. 9,000. An estimate for setting back the flood-bank on the right side at Valanjavarambu costing about Rs. 20,000 is under scrutiny. The other improvement works such as the repair of the irrigation and drainage sluices connected with the West Kallada fields irrigated by the Sastankottah lake have been arranged to be estimated for. The outlay in 1098 on 'Minor Irrigation,' including the above items will amount to nearly Rs. 2 lakhs.

It will be seen from the facts mentioned above that the Government are fully alive to the need for attending to the requirements of irrigation works in the State and are allotting funds according to necessity and that all that is possible is being done. I may assure the Council that the activities will not slacken and that every endeavour will be made to push on with the restoration works.

The earmarking of Rs. 3 lakhs per annum as proposed by Mr. Kumara Pillai is not, however, practicable. Not only have tanks to be considered but also other irrigation works and connected drainage works. An allotment of three lakhs of rupees for 'Minor Irrigation' would mean that a very large number of works, as many as one hundred and more, would have to be carried out annually. To get estimates prepared and sanctioned for so many works would take not a little time, even assuming that the staff were available for the purpose; and, before all these stages are gone through, the year will have advanced far and the working season lost and the grant would lapse. And during execution, there may be occurrences beyond human knowledge or control which may interfere with the works. I have already said in connection with Mr. T. K. Velu Pillai's resolution that, in past years, the allotment could

LIBRARY ARCHIVES Kerala Legislative Assembly

[Mr. T Kumara Pillai.]

not be fully spent on account of delays of the kind referred to. There is also the consideration that the present reduced staff of the Public Works Department will not be able to cope with such heavy work as is involved in a recurring grant of three lakhs of rupees per annum for minor irrigation works. There are also other urgent demands on the department such as communications in north Travancore, which have to be met. It would therefore be a great handicap to Government if an unalterable limit were to be fixed. So, it is advisable to leave the matter elastic.

Under the circumstances, I trust that the member will be satisfied with the assurance given and not press the present motion.

With regard to the Ezhattumpuzha in Kunnatnad, I am not aware whether that work has to be done.

PRESIDENT: That forms part of the Alirapalli scheme.

Rev. FR. KURIAKOSE VETTIKKAPALLIL: The parties concerned are prepared to give it up at any time if it interferes with the Adirapalli scheme.

PRESIDENT: That is more easily said than done.

MR. T. KUMARA PILLAI: എന്റെ മറുപടിയിൽ എന്ന പ്രധാനമായി പറയാനുള്ളത് ഈ പ്രമേയത്തിൽ മറ്റു മെംബറന്മാരിൽ മിക്കവരുടെയും തെറ്റിദ്ധാരണയെപ്പറ്റിയാണ്. മൈനർ ഇറിഗേഷൻ വേലകൾ തെറ്റാതെ തിരുവിതാംകൂറിൽ മാത്രമേ ഉള്ളു എന്നും പ്രമേയത്തിൽ പറഞ്ഞിട്ടുള്ള മുന്നലക്ഷം രൂപാ നാടിടത്തേക്ക മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണെന്നും അനുമാനിച്ചിട്ടുള്ളതായി തോന്നുന്നു. കഴിഞ്ഞ പത്തൊൻപതു ശ്രീമൂലംപ്രജാസഭകളിൽ മിക്കവാറും എനിക്കു മെംബറായി വരാനിടയായിട്ടുണ്ട്. പ്രജാസഭകളിൽ ഞാൻ കൊണ്ടുവന്നിട്ടുള്ള നിവേദനവിഷയങ്ങളെ പരിശോധിക്കുന്നതായാൽ ഇന്നത്തെ പ്രമേയത്തിൽ എന്നെ തെറ്റിദ്ധരിക്കാൻ അവകാശമുള്ളതായി തോന്നുന്നില്ല. മൈനർ ഇറിഗേഷൻ വേലകൾക്ക് ആവശ്യപ്പെട്ടുന്നതായ മുന്നലക്ഷം രൂപാ നാടുമുഴുവൻ പറവൂർവരെ ഉള്ള താലൂക്കുകൾക്ക് ആവശ്യം പോലെ മിലവാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതല്ലാതെ കുറച്ചു ദൂരത്തിനോ അതിനു സമീപം ഉള്ള താലൂക്കുകൾക്കോ ഉദ്ദേശിച്ചിട്ടുള്ളതല്ലെന്നു ധൈര്യമായി പറയാവുന്നതാണ്. ഇങ്ങനെ ഈ രാജ്യത്തിനു പൊതുവേ ബാധിക്കുന്ന സംഗതികളിൽ ആർക്കെങ്കിലും മറ്റുവിധം വ്യാഖ്യാനങ്ങൾക്ക് ഇടയാകുന്നു എങ്കിൽ അതു സ്വാഭാവികമായുള്ള തെറ്റിദ്ധാരണയെ അനുശ്രയിച്ചിരിക്കുമെന്നു മാത്രമേ അതിനുള്ള സമാധാനം പറയാൻ കാണുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മൈനർ ഇറിഗേഷൻ വർക്കുകൾക്കായി മുമ്പാറമുപയോഗിക്കുകയുണ്ടായി എന്ന് മുഴുവൻ തുകയും ചിലവാക്കണമെന്നില്ലെന്നും കാണുന്നു. പക്ഷേ അത്രയധികം തുക അവിടെ ചിലവാക്കുന്നതിൽ അധികം ആക്ഷേപിക്കാനൊന്നുമില്ല.

MR. TARIATU KUNJITOMMAN : തെക്കൻ തിരുവിതാംകൂറിലേക്ക് മാത്രം പണം ചെലവു ചെയ്യുന്നുവെന്ന മിസ്റ്റർ കുമാരപിള്ള വിചാരിക്കുന്നില്ലേ? ഈ വേലക്കുകൂടി പണം തെക്കൻ തിരുവിതാംകൂറിനെ ഉദ്ദേശിച്ചാണെന്ന മാത്രമേ പറയുന്നുള്ളൂ.

MR. T. KUMARA PILLAI : ഇതിനുമുമ്പുതന്നെ ഞാൻ സാധാനം പറഞ്ഞിട്ടുണ്ട്. തെക്കൻ തിരുവിതാംകൂറിൽ കൃഷിക്കു വെള്ളത്തിന്റെ ദൗർലഭ്യം അധികമുള്ളതുകൊണ്ട് അവിടെ മൈനർ ഇറിഗേഷൻ വേലകൾ അത്യാവശ്യം തന്നെയാണ്. മിസ്റ്റർ കുഞ്ഞിതൊമ്മൻ തെക്കൻ തിരുവിതാംകൂറിൽ സഞ്ചരിച്ച് അവിടത്തെ സ്ഥിതികൾ നല്ലപോലെ മനസ്സിലാക്കിയതിൽ നിന്നിട് എന്റെ വാദം പ്രയോജനപ്പെടുമായിരിക്കാം. ഞാൻ അദ്ദേഹത്തെ തെക്കൻ തിരുവിതാംകൂറിലേക്കു അയച്ചിട്ടുകൊള്ളുന്നു.

MR. TARIATU KUNJITOMMAN : ഞാൻ തെക്കൻ തിരുവിതാംകൂറിൽ സഞ്ചരിച്ചിട്ടുണ്ടെന്നു പറയാം.

MR. T. KUMARA PILLAI : തെക്കൻ തിരുവിതാംകൂറിലുള്ള ചിലടി. ബി. കളിൽ അദ്ദേഹം വന്നു താമസിച്ചിട്ടുള്ളതായി ഞാൻ അറിഞ്ഞിട്ടുണ്ട്. അവിടെവച്ചു ചില പൌരന്മാരെ കണ്ടു സംസാരിച്ചിട്ടുള്ളതായും എനിക്കറിയാം. എന്നാൽ അവിടത്തെ മൈനർ ഇറിഗേഷൻ വേലകളുടെ ആവശ്യത്തെപ്പറ്റി അറിയാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

MR. TARIATU KUNJITOMMAN : മിസ്റ്റർ കുമാരപിള്ള വടക്കൻ തിരുവിതാംകൂറിലെ ടി. ബി. കളിൽ വന്നു താമസിച്ചിട്ടുണ്ടോ?

MR. T. KUMARA PILLAI : അതിലുള്ള മിസ്റ്റർ. കുഞ്ഞിതൊമ്മനെ കിട്ടിയിട്ടുള്ളതുപോലെയുള്ള സൌകര്യം എനിക്കു കിട്ടീട്ടില്ല. അതിനാൽ വടക്കൻ തിരുവിതാംകൂറിലെ ടി. ബി. കളിൽ എനിക്കു താമസിക്കാൻ ഇടയായിട്ടില്ല.

മൈനർ ഇറിഗേഷൻ വേലകൾക്ക് ആണ്ടുതോറും മുന്നരലക്ഷം രൂപവീതം ചിലവാക്കണമെന്നുള്ള പ്രമേയം നിയമസഭയിൽ പാസ്സായി എന്നിരുന്നാലും, ഫാമിൻ ആശ്വാസപ്രവൃത്തികൾ നിലവാക്കാൻ സാധിക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ല്ലെന്ന ചീഫ് ഇഞ്ചിനീയരുടെ മറുപടിയിൽ പറഞ്ഞിരിക്കുന്നു. അതിലേക്ക് അദ്ദേഹം പറയുന്ന സമാധാനം ഈ ഇകയ്ക്ക് ആടങ്കലുകൾ തയ്യാറാക്കിവരുത്തി പരിശോധനകൾ കഴിഞ്ഞു വേലകൾ നടത്താൻ സാധിക്കുകയില്ല എന്നാണ്. ൻൻ-ൽ മൂന്നുലക്ഷംരൂപാ ചിലവാക്കാൻ സാധിച്ചില്ലെങ്കിൽ അതിനടുത്തകൊല്ലം ചിലവാക്കാൻ സാധിക്കുന്നതായാലും അതുകൊണ്ടു തൃപ്തിപ്പെടാവുന്നതാണ്.

മൈനർ ഇറിഗേഷൻ വേലകളെ സംബന്ധിച്ചു കുറെക്കാലമായി ഗവർൺമെൻറിൽ നിന്നും കാണിച്ചുപോരുന്ന ശ്രദ്ധക്കുറവിനാലാണ് ഇങ്ങിനെ ഒരു പ്രമേയം ഈ കൌൺസിലിൽ കൊണ്ടുവരാൻ ഇടയായിട്ടുള്ളത്. കഴിഞ്ഞ കൌൺസിലിൽ മിസ്റ്റർ ടി. കെ വേലുപ്പിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തിനു ചീഫ് ഇഞ്ചിനീയർ പറഞ്ഞിട്ടുള്ള മറുപടിയും ഇന്നേദിവസം ഞാൻ ഹാജരാക്കീട്ടുള്ള പ്രമേയത്തിനു പറഞ്ഞിട്ടുള്ള സമാധാനങ്ങളും കൊണ്ട് എന്റെ പ്രമേയത്തെപ്പറ്റി വീണ്ടും നിബന്ധപൂർവ്വം വാദം നടത്തണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. അതിനാൽ ഞാൻ പ്രമേയത്തെ പിൻവലിച്ചിരിക്കുന്നു.

The resolution was, by leave, withdrawn.

RESOLUTION *RE*: A COMMITTEE TO REGULATE SALARIES AND ALLOWANCES.

PRESIDENT: The next resolution stands in the name of Mr. Tariatu Kunjitomman and runs as follows:

"That this Council recommends to Government that a committee with a non official majority be appointed to consider and propose measures for regulating the expenses under salaries and allowances of officers, so that the same may not exceed 30 per cent of the total revenues of the State."

MR. TARIATU KUNJITOMMAN: ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും വകയ്ക്കുള്ള ചിലവു മുതലെടുപ്പിൽ മുപ്പതു ശതമാനത്തിൽ അധികപ്പെടാത്തവിധം നിയന്ത്രിക്കുന്നതിന് അനുദ്യോഗസ്ഥരിപക്ഷത്തോടുകൂടിയ ഒരു കമ്മിറ്റി ഏർപ്പെടുത്തണമെന്ന് ഈ യോഗം ഗവർൺമെൻറിനോടു ശുപാർശചെയ്യുന്നു എന്നാണ് എന്റെ പ്രമേയം.

ഈ പ്രമേയം ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് ഇപ്പോൾ ഗവർൺമെൻറിനു നേരിട്ടുകൊണ്ടിരിക്കുന്ന അധിക ധനവ്യയത്തെ പരിമിതമായതോതിൽ നിയന്ത്രിച്ചു രാജ്യത്തിന്റെ ക്ഷേമത്തിനായി അവശ്യം ചെയ്യേണ്ട വലിയ ചിലവുകൾക്കു ജനങ്ങളിൽ കൂടുതൽ നികുതിഭാരം ചുമത്താതെ

LIBRARY ARCHIVES Kerala Legislative Assembly